# പതിനാലാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

## നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3340 19.06.2018 ൽ മറുപടിയ്ക്ക്

### മത്സരയോട്ടം നിയന്ത്രിക്കാൻ നടപടികൾ

| | ചോദ്യം<br>ശ്രീ.പി.കെ. ശശി | | മറുപടി<br>ശ്രീ.എ.കെ.ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | സ്വകാര്യ ബസ്സുകളുടെ മത്സരയോട്ടം, മണൽ കരിങ്കല്ല് ലോബികളുമായി ബന്ധപ്പെട്ട ടിപ്പറുകൾ എന്നിവയെ നിയന്ത്രിക്കാൻ ഗതാഗത വകുപ്പ് എന്തു നടപടികൾ സ്വീകരിച്ചുവരുന്നുവെന്ന് വ്യക്തമാക്കുമോ; | (എ) | ബസ്സുകളുടെ മത്സരയോട്ടം നിയന്ത്രിക്കുന്നതിന് വാഹന പരിശോധനകൾ നടത്തുന്നുണ്ട്. അതുപോലെ ടിപ്പർ ലോറികളുടെ മത്സരയോട്ടത്തിനെതിരെയും കർശന നടപടികൾ സ്വീകരിക്കുന്നുണ്ട്. വാഹനങ്ങളുടെ പെർമിറ്റ് റദ്ദാക്കൽ, ഡ്രൈവർമാരുടെ ലൈസൻസ് സസ്പെൻഷൻ, നിയമാനുസൃതമായ പിഴയടപ്പിക്കൽ മുതലായ നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | സംസ്ഥാനത്തെ ബസ്സുകളുടെ മത്സരയോട്ടം നിയന്ത്രിക്കാനും അപകടങ്ങൾ ഒഴിവാക്കുവാനുമായി സമയക്രമ ഉത്തരവ് പരിശോധിച്ച് ആർ&ഡി ടീം നൽകിയ റിപ്പോർട്ടിന്മേൽ നാളിതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ; | (ബി) | ആർ & ഡി ടീം ഡി3/825 എന്ന ഉത്തരവ് പ്രകാരം ബസ്സുകളുടെ സമയക്രമം ഏകീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇത് പ്രകാരം ഓരോരോ ആർ.ടി.എ. കളും അവരവരുടെ ആവശ്യമനുസരിച്ച് വേണ്ട നടപടികൾ സ്വീകരിച്ച് സമയക്രമം ഏകീകരണം നടത്തിവരുന്നു. |
| (സി) | രാജ്യത്തെ ഏറ്റവും മോശമായ ഡ്രൈവിംഗ് സംസ്കാരം പുലർത്തുന്നവരാണ് സംസ്ഥാനത്തെ പ്രധാന നഗരങ്ങളിലുള്ളതെന്ന ക്രൈം റെക്കോർഡ്സ് ബ്യൂറോയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എന്ത് തിരുത്തൽ നടപടികളാണ് സർക്കാർ സ്വീകരിച്ചു വരുന്നത്; വിശദാംശം വ്യക്തമാക്കുമോ? | | ഇങ്ങനെയൊരഭിപ്രായം വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എങ്കിലും മോട്ടോർ വാഹന നിയമങ്ങൾ അനുസരിക്കുന്നതിൽ വിമുഖത കാണിക്കുന്നതായി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്. ഇതിനായി പുതുതായി ലൈസൻസ് എടുക്കുന്ന എല്ലാവർക്കും ട്രാഫിക്ക് അവബോധന ക്ലാസ്സുകൾ നൽകി വരുന്നു. വാഹനം ഓടിച്ചുകൊണ്ടിരിക്കുന്ന ഡ്രൈവർമാർക്ക് റിഫ്രഷർ കോഴ്സുകൾ (ട്രാഫിക്ക് അവബോധത്തിനായി) ആർ.ടി.ഒ/ജോയിന്റ് ആർ.ടി.ഒ. ഓഫീസ് തലങ്ങളിൽ നടത്തിവരുന്നു. ഇത്തരത്തിലുള്ള അവബോധന ക്ലാസ്സുകൾ കൊണ്ട് മോട്ടോർ വാഹന നിയമങ്ങൾ അനുസരിക്കുന്നതിനുള്ള വിമുഖത ഒരു പരിധിവരെ ഇല്ലാതാക്കാൻ കഴിഞ്ഞിട്ടുണ്ട്. നിലവിലുള്ള ഡ്രൈവിംഗ് ടെസ്റ്റ് സംവിധാനം ശാസ്ത്രീയവൽക്കരിക്കുന്നതിന്റെ ഭാഗമായി automated driving test സംവിധാനം സംസ്ഥാനത്തുടനീളം നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ